കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊപ്പം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി-13-1755/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: -20-10 -2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊപ്പം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊപ്പം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കൊപ്പം** ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ്:

1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി-13-1755/2017 തിയ്യതി: 20-10-2017

## പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ **കൊപ്പം** ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9-12-2016 മുതൽ 20-8-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| *ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ* | രതീഷ് കുമാർ.പിഎം<br>ഡെപ്യൂട്ടി ഡയറക്ടർ |
| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | 11-8-2017 മുതൽ 22-8-2017 വരെ |

| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | |
|---|---|
| കെ.ജി.റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| കെ.സി,ഹരിഗോബിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥര്‍ | |
|---|---|
| എം.ശിവപ്രസാദ് | സീനിയര്‍ ഗ്രേഡ് ഓഡിറ്റര്‍ |

**<u>(ബി) നിര്‍വ്വഹണാധികാരികള്‍</u>**

| | | |
|---|---|---|
| പ്രസിഡന്‍റ് | ശ്രീമതി.സുമിത.പി | 1-4-2016 മുതല്‍ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീമതി.എം.വിജയലക്ഷ്മി<br>ശ്രീ.കെ.നാരായണന്‍<br>ശ്രീമതി.എം.വിജയലക്ഷ്മി<br>ശ്രീ.കെ.നാരായണന്‍<br>ശ്രീമതി.എം.വിജയലക്ഷ്മി<br>ശ്രീ. മനോജ്.പി<br>ശ്രീമതി. എം.വിജയലക്ഷ്മി<br>ശ്രീ. മനോജ്.പി<br>ശ്രീമതി. എം.വിജയലക്ഷ്മി | 1-4-2016 മുതല്‍ 30-5-2016 വരെ<br>31-5-2016മുതല്‍ 12-6-2016 വരെ<br>13-6-2016 മുതല്‍ 15-8-2016 വരെ<br>16-8-2016 മുതല്‍ 04-9-2016 വരെ<br>05-9-2016മുതല്‍ 14-11-2016 വരെ<br>15-11-2016മുതല്‍ 30-11-2016വരെ<br>01-12-2016മുതല്‍ 31-1-2017വരെ<br>01-2-2017 മുതല്‍ 12-2-2017വരെ<br>13-2-2017മുതല്‍ 31-3-2017വരെ |

**<u>നിര്‍വ്വഹണ ഉദ്യോഗസ്ഥര്‍</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസര്‍ | ശ്രീമതി.സിന്ധു.വി.പി | 1-4-2016 മുതല്‍ 31-3-2017 വരെ |
| | | |

| | | |
|---|---|---|
| വി.ഇ.ഒ - 1 | ശ്രീ.കെ.പ്രസാദ് | 1-4-2016 മുതൽ 09-3-2017 വരെ |
| | ശ്രീമതി.ശാലിനി.കെ.എം | 10-3-2017മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.എം.കെ ധനലക്ഷ്മി | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ശാന്ത.എം.കെ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ഗീത.കെ | 1-4-2016 മുതൽ 31-12-2016 വരെ |
| | ഡോ.സിദ്ധിക്ക്.പി | 1-1-2017 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-(ആയുർവേദം) | ഡോ.കോമളം.പി.കെ | 1-4-2016 മുതൽ 31-1-2017 വരെ |
| മെഡിക്കൽ ഓഫീസർ-(ഹോമിയോ) | ഡോ.ധന്യ.എം | 1-4-2016 മുതൽ 31-3-2017 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ.ശങ്കരനാരായണൻ.ജി | 1-4-2016 മുതൽ 31-3-2017 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.സി.പി.സതീദേവി | 1-4-2016 മുതൽ |

| | | |
|---|---|---|
| | | 31-3-2017 വരെ |
| അസി.സെക്രട്ടറി | കെ.നാരായണൻ | 1-4-2016 മുതൽ 23-9-2016 വരെ |
| | പി.മനോജ് | 18-11-2016 മുതൽ 31-3-2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ജാസ്മിൻ.സി.ജെ | 1-4-2016 മുതൽ 31-3-2017 വരെ |

**ഉള്ളടക്കം**

**ഭാഗം 1**

**ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം**


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 11 | അനുബന്ധ പത്രിക | 1-11 |

<u>ഭാഗം-II</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| **ക്രമ നം.** | **ഇനം** | **ഖണ്ഡിക നമ്പർ** |
|---|---|---|
| 1 | കെട്ടിടനിർമ്മാണങ്ങളുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 2-1 |
| 2 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല | 2-2 |
| 3 | ഡി&ഒ ലൈസൻസ് പരിശോധനയിൽ കണ്ട അപാകതകൾ | 2-3 |
| 4 | പഞ്ചായത്ത് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്. | 2-4 |
| 5 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 2-5 |
| 6 | ഡേ ബുക്ക് പ്രകാരമുള്ള തുക മുഴുവൻ ബാങ്കിൽ അടച്ചില്ല - 2000 രൂപ അടവാക്കേണ്ടതാണ്. | 2-6 |

<u>ഭാഗം-III</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| **ക്രമ നം.** | **ഇനം** | **ഖണ്ഡിക നമ്പർ** |
|---|---|---|
| 1 | പഞ്ചായത്തിന്റെ പരിധിയിലുള്ള കുടിവെള്ള വിതരണം - സംബന്ധിച്ച് | 3-1 |

| | | |
|---|---|---|
| 2 | വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നിർവ്വഹണം - സംബന്ധിച്ച് | 3-2 |
| 3 | തെരുവ് വിളക്കുകളെ - സംബന്ധിച്ച് | 3-3 |
| 4 | കൊപ്പം ഗ്രാമ പഞ്ചായത്തിലെ ഹോമിയോ ഡിസ്പ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കാത്തത് - സംബന്ധിച്ച്. | 3-4 |
| 5 | സാന്ത്വന പരിചരണ പ്രവർത്തികൾക്കുള്ള ചെലവിനങ്ങൾക്ക് വൗച്ചർ നമ്പർ രേഖപ്പെടുത്താത്തതും, വാടകയ്ക്കെടുത്ത വാഹനത്തിനുള്ള ട്രിപ്പ് ഷീറ്റ് സൂക്ഷിക്കാത്തതും - സംബന്ധിച്ച്. | 3-5 |
| 6 | പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമാക്കിയ ഉപകരണങ്ങൾ - സംബന്ധിച്ച്. | 3-6 |
| 7 | പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതിക്ക് ഭാഗികമായി ലഭ്യമാക്കിയ മരുന്നുകൾ - സംബന്ധിച്ച് | 3-7 |
| 8 | എസ്.സി. വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ നൽകൽ-<br>സ്കൂൾ മുഖേന നൽകണം എന്ന നിർദ്ദേശം പാലിച്ചില്ല | 3-8 |
| 9 | രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു. | 3-9 |
| 10 | ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയതിന്റെ ചെലവ് രേഖ ഹാജരാക്കിയില്ല | 3-10 |
| 11 | സമഗ്ര നെൽകൃഷി വികസനം -ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-11 |
| 12 | ഭവന നിർമ്മാണം - 2014-15മുതൽ ഓഡിറ്റ് കാലയളവ് വരെ സ്പ്പിൽ ഓവറായി തുടർന്ന് പ്രവർത്തി നിലവിലും പൂർത്തിയാക്കാത്തത് - സംബന്ധിച്ച്. | 3-12 |
| 13 | തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിന് അനുവദിച്ച വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3-13 |
| | | |

| | | |
|---|---|---|
| 14 | പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ഐ.എ.വൈ. വിഹിതത്തിനുള്ള ധനവിനിയോഗ രേഖ ഹാജരാക്കേണ്ടതാണ്. | 3-14 |
| 15 | ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്. | 3-15 |
| 16 | ഗ്രാമപഞ്ചായത്തിലെ അംഗണവാടികളുടെ പ്രവർത്തനം- അവലോകനം | 3-16 |
| 17 | എംജിഎൻആർഇഎസ് മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവർത്തി മനുഷ്യദിനങ്ങൾ കുറവ് | 3-17 |

<u>ഭാഗം-IV</u>

<u>ഓഡിറ്റ് പ്രത്യവലോകനം</u>

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |

# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 3-3-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 28.07.17 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

### 1-4 സാമ്പത്തികനില

| | |
|---|---|
| മുന്നിരിപ്പ് | 2621907 |
| വരവ് | 44705395 |
| ആകെ | 47327302 |
| ചെലവ് | 40211916 |
| നീക്കിയിരിപ്പ് | 7115386 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9323583 | 9323583 | 6145549 | 3178034 |
| വികസനഫണ്ട് എസ്.സി.പി | 0 | 7056045 | 7056045 | 4195739 | 2860306 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 9302826 | 9302826 | 5990737 | 3312089 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 2578980 | 2578980 | 961180 | 1617800 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5228454 | 5228454 | 4787858 | 440596 |
| എം.എൻ.ആർ. ഇ. ജി.എസ്. | 12050 | 14633068 | 14645118 | 14645118 | 0 |

## 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 210 | 57330989 | 109 | 25106870 | 98 | 3 | 43.79% |

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 61% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 43.79 % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

**<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഫണ്ട് വിനിയോഗം.</u>**

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 2605669 | 2003610 | 77% |
| വെറ്ററിനറി സർജ്ജൻ | 4 | 3 | 1185000 | 396500 | 33.5% |
| മെഡിക്കൽ ഓഫീസർ-CHC | 2 | 1 | 1175000 | 750000 | 64% |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | **100%** |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 500000 | 500000 | 100% |
| വി.ഇ.ഒ - 1 | 8 | 8 | 5491400 | 3475000 | 63.3% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 3038800 | 2123860 | 70% |
| സെക്രട്ടറി | 22 | 22 | 6220345 | 3378950 | 54.3% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 147 | 48 | 25642083 | 6926359 | 27% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 349000 | 349000 | 100% |
| ഹെഡ് മാസ്റ്റർ | 5 | 5 | 1377800 | 1055660 | 77% |
| അസി.സെക്രട്ടറി | 12 | 12 | 9545892 | 3947931 | 41.4% |
| **ആകെ** | **210** | **109** | **57330989** | **25106870** | **43.79%** |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വർദ്ധനവ് | വർദ്ധനവ് ശതമാനം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 4399588 | 4436310 | 36722 | 83% |
| നികുതിയേതര വരവുകൾ | 32653322 | 38549217 | 5895895 | 18.05% |
| **ആകെ** | **37052910** | **42985527** | **5932617** | **16%** |

## 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാന മെടുത്തവ | തീരുമാനം എടുത്തതിൽ നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 3 | 1 | 2(*) |
| 2 | തൊഴിൽ രഹിത വേതനം | 4 | 2 | 0 |
| 3 | വിധവാ പെൻഷൻ | 74 | 65 | 9(*) |
| 4 | വികലാംഗ പെൻഷൻ | 21 | 21 | 0 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14 | 12 | 2(*) |
| 6 | വാർദ്ധക്യകാല പെൻഷൻ | 369 | 357 | 12 |

**(*) നിശ്ചിത യോഗ്യത ഇല്ലാത്തത്**

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-8-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 10694/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 06.02.17 മുതൽ 07.02.17 വരെ | 11/16,12/16, 01/2017 | 24.05.17 | -ഇല്ല- |
| **2** | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.7.2003 മുതൽ 12.8.2003 വരെ | 1997-98 മുതൽ 2002-03 വരെ | 28.4.2014 | -ഇല്ല- |

## 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പരിശോധന സംബന്ധിച്ച്

1) **സ്ഥാപന നികുതി ഈടാക്കിയിട്ടില്ല**

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനനികുതി 2016-17-ൽ ഈടാക്കിയിട്ടില്ല.

1)കെ.എസ്.ഇ.ബി

2) BSNL ( ബഹു. കേരളാ ഹൈക്കോടതിയുടെ 7-9-2016 ലെ WP(C)No.16670/2006 നമ്പർ വിധിന്യായത്തിൽ പ്രകാരം ബി.എസ്.എൻ.എൽ-നെ സ്ഥാപന തൊഴിൽനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2016-17 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ബി.എസ്.എൻ.എൽ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല)

3) മാവേലി സ്റ്റോർ

4) തൃത്താല കൊപ്പം ക്ഷീരോൽപ്പാദക സഹകരണ സംഘം

5) വിയറ്റ്നാംപടി ക്ഷീരോൽപ്പാദക സഹകരണ സംഘം

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഇടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2) അൺ എയ്ഡഡ് സ്ഥാപനത്തിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കുന്നില്ല**

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ കരുണ എന്ന സ്ഥാപനം (ടി.ടി.ഐ., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, ഇംഗ്ലീഷ് മീഡിയം സ്കൂൾ) സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ ( 2016-17 ഒന്നും രണ്ടും അർധവർഷം ) സംസ്ഥാന സർക്കാർ നിർദ്ദേശിച്ച നിരക്കിൽ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി താഴെ പറയുന്ന ജീവനക്കാർ അർദ്ധവാർഷിക വരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നത് 18000/- രൂപയാണ്.

| ക്രമ നം | പേര് | അർദ്ധ വാർഷിക വരുമാനം | യഥാർത്ഥത്തിൽ നൽകേണ്ടത്(മിനിമം) | വരുമാന നഷ്ടം |
|---|---|---|---|---|
| 1 | ബേബി.യു | 18000 | 30000 | 120 |
| 2 | രാധ.യു.പി | 18000 | 30000 | 1220 |

മാത്രമല്ല സർക്കാർ നിർദ്ദേശിച്ച നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകിയിരിക്കുന്നത്. ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14-2-2011 ലെ ജി.ഓ(എം.എസ്)നം.36/11/ജന.എഡ്യൂക്കേഷൻ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺഎയ്ഡ് സ്കൂളുകളിലെ അധ്യാപക അനധ്യാപക ജീവനക്കാരുടെ മിനിമം വേതനം 1-1-2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജിവനക്കാരുടെ വരുമാനം സംബന്ധിച്ച റിട്ടേൺ സമർപ്പിക്കാൻ സ്കൂളുകൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല. ആയതിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3) തൊഴിൽ നികുതി അടച്ചതിൽ കുറവ് .**

കരുണ ഹൈസ്കൂൾ പ്രഭാപുരം എന്ന സ്ഥാപനത്തിന്റെ അർദ്ധ വാർഷിക വരുമാന പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

**<u>ഒന്നാം അർദ്ധവർഷം</u>**

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് | രശീതി നം./ തീയതി |
|---|---|---|---|---|---|---|---|
| 1 | ബേബി.യു | അറ്റൻഡർ | 18000 | 180 | 120 | 60 | 11601103390/ 29.08.16 |
| 2 | രേണുക ദേവി.എം | അറ്റൻഡർ | 18000 | 180 | 120 | 60 | |
| 3 | രാധ. യു.പി | അറ്റൻഡർ | 18000 | 180 | 120 | 60 | |
| 4 | സുജിത എ.പി | അറ്റൻഡർ | 18000 | 180 | 120 | 60 | |
| 5 | സൈനബ കെ.ടി | അറ്റൻഡർ | 18000 | 180 | 120 | 60 | |
| 6 | ജയശ്രീ. കെ | അറ്റൻഡർ | 18000 | 180 | 120 | 60 | |
| 7 | സജിത എ.പി | അറ്റൻഡർ | 18000 | 180 | 120 | 60 | |
| 8 | ഗീത | അറ്റൻഡർ | 18000 | 180 | 120 | 60 | |
| ആകെ | | | | | | 480 | |

**<u>രണ്ടാം അർദ്ധവർഷം</u>**

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് | രശീതി നം./ തീയതി |
|---|---|---|---|---|---|---|---|
| 1 | ബേബി.യു | അറ്റൻഡർ | 18000 | 180 | 120 | 60 | 11601107810/ 28.02.17 |
| 2 | രേണുക ദേവി.എം | അറ്റൻഡർ | 18000 | 180 | 120 | 60 | |
| 3 | രാധ. യു.പി | അറ്റൻഡർ | 18000 | 180 | 120 | 60 | |
| 4 | സുജിത എ.പി | അറ്റൻഡർ | 18000 | 180 | 120 | 60 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | സൈനബ കെ.ടി | അറ്റൻഡർ | 18000 | 180 | 120 | 60 | |
| 6 | ജയശ്രീ. കെ | അറ്റൻഡർ | 18000 | 180 | 120 | 60 | |
| 7 | സജിത എ.പി | അറ്റൻഡർ | 18000 | 180 | 120 | 60 | |
| 8 | ഗീത | അറ്റൻഡർ | 18000 | 180 | 120 | 60 | |
| ആകെ | | | | | | 480 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/17.08.17)ഈയിനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന 960 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

4)സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ വിട്ടുപോയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.

മേൽ അപാകതകളിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-2 കെട്ടിടനിർമ്മാണം ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

കെട്ടിട നിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയം ഭരണ വകുപ്പ് 2-12-2015 ൽ പുറപ്പെടുവിച്ച സർക്കുലർ നമ്പർ 12900/ആർ/2015/തസ്വഭവ-യിൽ ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യാൻ നിർദ്ദേശിച്ചിരുന്നു.

എന്നാൽ പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ ഈ നിർദ്ദേശം പാലിക്കുന്നില്ലെന്ന് കണ്ടെത്തി. ഉദാഹരണമായി ശ്രീ. ബേബി രാജൻ, കൂനെങ്കിൽ ഹൗസ്, മണ്ണെങ്കോട് പി.ഒ, പുലാശ്ശേരി പി.ഒ എന്നവരുടെ ഫയൽ പരിശോധിച്ചതിൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷയുടെ ഫയൽ നമ്പർ A3. 5550/15/17.09.15 ഉം വസ്തു നികുതി നിർണ്ണയത്തിന്റെ ഫയൽ നമ്പർ A3.1475/17/25.4.17 ഉം ആണ്. ഇത് മേൽ പരാമർശിച്ച നിർദ്ദേശത്തിന് വിരുദ്ധമാണ്.

നമ്പറിംഗുമായി ബന്ധപ്പെട്ട ഫയലുകളിൽ, നിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിച്ചതു മുതൽ നിർമ്മാണം പൂർത്തിയാക്കി കെട്ടിട നമ്പർ നൽകി, നികുതി നിശ്ചയിച്ചതു വരെയുള്ള സംഗതികൾ

ഒറ്റ ഫയലായി തന്നെ ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടത്തിന്റെ നിർമ്മാണ അനുമതി മുതൽ പൂർത്തീകരണം വരെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും, വസ്തുനികുതി നിർണ്ണയം കേരള പഞ്ചായത്ത് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും, ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന നാല് മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | മൊബൈൽ ടവർ ഏജൻസിയുടെ പേര് | കുടിശ്ശിക ഈടാക്കാനുള്ളത് |
|---|---|---|
| 1 | ടാറ്റ ടെൽ സർവ്വീസ് | 2008-09 മുതൽ |
| 2 | ഇൻഡസ് ടവർ | 2016-17 |
| 3 | റിലയൻസ് | 2013-14 മുതൽ |
| 4 | എസ്സാർ ടെലകോം സർവ്വീസ് | 2010-11 മുതൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/11.7.17) കുടിശ്ശിക ഈടാക്കാൻ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. കുടിശ്ശിക ഈടാക്കുന്നതിനും വസ്തുനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് പരിശോധനയിൽ കണ്ട അപാകതകൾ

2016-17 ലെ ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

പഞ്ചായത്ത് വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

ഡി & ഒ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്താതെയാണ് ഭൂരിഭാഗം ലൈസൻസുകളും ഓഡിറ്റ് കാലയളവിൽ നൽകിയിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്ത് നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പാലിക്കേണ്ടതും, വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ക്വാറികൾ, വ്യവസായ സ്ഥാപനങ്ങൾ. മറ്റു വ്യാപാരസ്ഥാപനങ്ങൾ മുതലായവ ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പാക്കേണ്ടതാണ്.

ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചതെന്ന് കണ്ടെത്തി. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | D&O ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ | അപേക്ഷകന്റെ പേരും വിലാസവും | സ്ഥാപനം | നിരാക്ഷേപ പത്രം ഇല്ലാത്തത് | ബാധകമായ ഉത്തരവ് |
|---|---|---|---|---|---|
| 1 | 7 | ഇ.മുഹമ്മദുണ്ണി എടത്തോൾ ഹൗസ് കൊപ്പം | സോ മിൽ (മരം) | കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരം 31.12.16 വരെയാണ്. | മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.10-ലെ PCB/HO/KTM/ 16741/09/09 നമ്പർ സർക്കുലർ |
| 2 | 8 | ഇ.മുഹമ്മദുണ്ണി എടത്തോൾ ഹൗസ് | ഫർണ്ണിച്ചർ ഉണ്ടാക്കി വിൽപ്പന നടത്തുന്നതിന് | കേരള സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ | " " |

| | | | | | |
|---|---|---|---|---|---|
| | | കൊപ്പം | | ബോർഡിന്റെ അംഗീകാരം 31.12.16 വരെയാണ്. | |
| 3 | 13 | അബൂബക്കർ.കെ കോലോത്തുപറമ്പിൽ പുലാശ്ശേരി | ഹോളോബ്രിക്സ് നിർമ്മിച്ച് വിൽപ്പന നടത്തുവാൻ | നിരാക്ഷേപ പത്രം ഹാജരാക്കിയില്ല | “ “ |
| 4 | 16 | എം.കെ. ജോസഫ് മലബാർ ഗ്രാനൈറ്റ് ആമയൂർ | പാറ പൊട്ടിക്കുന്നതിനും സൂക്ഷിക്കുന്നതിനും | ഫയർഫോഴ്സ് എൻ.ഒ.സി ഇല്ല | 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) |

ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ട് എന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പുകൾ 232, 233, 234 & 254, 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തിയതിനു ശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-5 ഗ്രാമ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

റവന്യു വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല. ആയതിനാൽ നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന പരസ്യനികുതി, സേവന ഉപനികുതി എന്നിവ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

<u>1. പരസ്യനികുതി</u>

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 (ബി, സി) എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ, ഉറപ്പിച്ചു വയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. സെക്രട്ടറിയുടെ അനുവാദമില്ലാതെ യാതൊരു തരത്തിലുള്ള പരസ്യങ്ങളും പ്രദർശിപ്പിക്കുവാൻ

പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച പരസ്യ ബോർഡുകളുടെ എണ്ണം, വലിപ്പം, ചുവർ പരസ്യങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256-ാംവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു ബൈലോ തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005-ലെ സി/5/15253/04 നമ്പർ സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃകാബൈലോ പ്രസിദ്ധീകരിക്കുകയോ പഞ്ചായത്തിൽ ബൈലോ തയ്യാറാക്കി പരസ്യനികുതി ഈടാക്കുകയോ ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ പരസ്യങ്ങൾക്ക് ചുമത്താവുന്ന നിരക്ക് നിശ്ചയിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ആയതനുസരിച്ച് പരസ്യനികുതി പിരിച്ചെടുക്കുവാനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

<u>2. സേവന ഉപനികുതി</u>

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

## 2-6 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ആയതിന് പഞ്ചായത്ത് നാളിതു വരെ നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹചര്യങ്ങളിൽ ധനസഹായം നൽകുന്നതിനായി ഫണ്ടിനു വേണ്ടി തുക സ്വരൂപിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്.

## 2-7 ഡേ ബുക്ക് പ്രകാരമുള്ള തുക മുഴുവൻ ബാങ്കിൽ അടച്ചില്ല - 2000/- രൂപ അടയ്ക്കേണ്ടതാണ്.

8.12.16-ലെ ഡേ ബുക്ക് പ്രകാരം വരവ് 8794/- രൂപയാണ്. എന്നാൽ 9.12.16-ന് ബാങ്കിൽ (എസ്.ബി.ടി. കൊപ്പം-അക്കൗണ്ട് നമ്പർ 67291349620) അടവാക്കിയിരിക്കുന്നത് 6794/- രൂപയാണ്. 2000/- രൂപ കുറവ് അടവാക്കിയിരിക്കുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (11/21.08.17) നൽകിയതിന് കുറവ് തുക അടയ്ക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്തിന്റെ പരിധിയിലുളള കുടിവെള്ള വിതരണത്തിന്റെ വിശദവിവരങ്ങൾ.

പഞ്ചായത്തിന്റെ അധീനതയിൽ 94 കുടിവെള്ള പദ്ധതികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിനുള്ള വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് ഓഡിറ്റ് കാലയളവിൽ 22,45,194/-രൂപ അടവാക്കിയിട്ടുണ്ട്.(വാർഷിക ധനകാര്യ പത്രികയിലെ ആർ &പി - 13ലെ കോഡ് നം.230100104) ഇവയുടെ അറ്റകുറ്റ പണികൾക്കും, പരിപാലനത്തിനുമായി 1,55,110/-രൂപ (എ.ഫ്.എസിലെ.ആർ&പി 13)പഞ്ചായത്ത് അനുവദിച്ചിട്ടുണ്ട്. ഇവയിലൂടെയുള്ള ജല വിതരണത്തിന് മീറ്ററിംഗ് സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. പുലാമന്തോൾ തൂതപ്പുഴയ്ക്ക് സമീപം സ്ഥാപിച്ചിരിക്കുന്ന പമ്പ് ഹൗസിൽ സ്ഥാപിച്ചിട്ടുള്ള ബൾക്ക് മീറ്ററിന് മാസവാടകയിനത്തിൽ 6126/- രൂപ നിരക്കിൽ 36756/- രൂപ മാത്രമാണ് പഞ്ചായത്ത് നിലവിൽ വാട്ടർ അതോറിറ്റിക്ക് അടച്ചുവരുന്നത്. കുടിവെള്ള പദ്ധതികൾ പഞ്ചായത്തിന് കൈമാറുന്നതിന് മുമ്പ് ജല അതോറിറ്റിക്ക് അടവാക്കേണ്ട വെള്ളക്കര കുടിശ്ശികയെ സംബന്ധിച്ച വിശദാംശങ്ങൾ പഞ്ചായത്ത് നിലവിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശേഖരിച്ച് വരുന്നതായാണ് ഓഡിറ്റ് വേളയിൽ വിശദീകരിച്ചിട്ടുള്ളത്. തുക അനുവദിക്കുന്നതിന് മുമ്പ് ജല അതോറിറ്റിക്ക് നൽകുവാനുള്ള കുടിശ്ശിക സംബന്ധിച്ച കാര്യങ്ങൾ അതോറിറ്റിയുമായി കൂടിയാലോചിച്ച് തീർപ്പുണ്ടാക്കണം. മുൻ കാലങ്ങളിൽ നൽകിയ തുക കണക്കിലെടുത്തായിരിക്കണം കുടിശ്ശിക തീർപ്പാക്കേണ്ടത്. പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന കുടിവെള്ള പദ്ധതികൾക്കും, ഇവയിലൂടെയുള്ള ജല വിതരണത്തിനായുള്ള ചെലവിനങ്ങളും സംക്ഷിപ്ത രൂപത്തിൽ താഴെ പറയും പ്രകാരം പട്ടികപ്പെടുത്തുന്നു:-

| | |
|---|---|
| 94 കുടിവെള്ള പദ്ധതികൾക്കായുള്ള വൈദ്യുതി ചാർജ്ജ് | 22,45,194/- |
| അറ്റകുറ്റ പണികൾക്കും, പരിപാലനത്തിനുമായുള്ള ചെലവിനം | 1,55,110/- |
| ബൾക്ക് മീറ്ററിനുള്ള മാസവാടക | 36,756/- |
| ആകെ ചെലവ് | 24,37,060/- |

പഞ്ചായത്തിലെ ജലശ്രീ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി വിവിധ കുടി വെള്ള പദ്ധതികൾക്കായി ആകെ 2,750 ഗാർഹിക കണക്ഷനുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രതിമാസം 30/- രൂപ നിരക്കിൽ മീറ്റർ വാടകയും ഉപയോഗിക്കുന്ന വെള്ളത്തിനനുസൃതമായി വെള്ളക്കരം ഈടാക്കുന്നുമുണ്ട്. 10,000 ലിറ്ററിന് വരെ കുടിവെള്ളം അധിക ചെലവില്ലാതേയും തുടർന്നുള്ള 1000 ലിറ്ററിന് 4/- രൂപ വിതം അധികമായും ഈടാക്കി വരുന്നുണ്ട്.1.4.17 മുതൽ മീറ്റർ വാടക 60/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.ജലശ്രീ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള കണക്ഷനുകൾ അനുവദിച്ച ഗുണഭോക്താക്കൾക്ക് വാട്ടർ മീറ്റർ സപ്ളൈ ചെയ്ത വകയിൽ ഓഡിറ്റ് കാലയളവിൽ 4,42,400/- രൂപ ലഭിച്ചിട്ടുണ്ട്.കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് താഴെപറയുന്ന ഇനത്തിൽ വരവുകളുണ്ടായിട്ടുണ്ട് :

| | |
|---|---|
| കുടിവെള്ള ചാർജ്ജ് (കുടിശ്ശിക) | 5,20,955/- |
| ,, (തന്നാണ്ട്) | 3,89,681/- |
| മീറ്റർ സപ്ളൈ ചെയ്യതിന് (മേൽ വിവരങ്ങൾ പ്രകാരം) | 4,42,400/- |
| ആകെ | 13,53,036/- |

വെള്ളക്കരമിനത്തിൽ 31.3.17 ന് താഴെപറയുന്ന തുക പിരിച്ചെടുക്കാനുണ്ട് :

| | |
|---|---|
| വെള്ളക്കര കുടിശ്ശിക | 61,927/- |
| ,, തന്നാണ്ട് | 3,30,319/- |
| ആകെ | 3,92,246/- |

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായുള്ള മേൽ സൂചിത ചെലവിനങ്ങളും കുടിവെള്ള വിതരണത്തിനായി പഞ്ചായത്തിന് ലഭ്യമാകുന്ന വരവിനങ്ങളും തമ്മിൽ താരതമ്യ പഠനത്തിന് വിധേയമാക്കിയാൽ ആകെ ചെലവ് വരവിനേക്കാൾ വളരെ അധികമാണെന്ന് മനസ്സിലാക്കാവുന്നതാണ്.[(ആകെ ചെലവ്-24,37,060) - (ആകെ വരവ്-13,53,036)= 10,84,024/-)]. നിലവിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള 94 കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല. ഇവയുടെ നടത്തിപ്പിനായി പഞ്ചായത്തിന് വരുന്ന ഭീമമായ ചെലവിനം ഒഴിവാക്കുവാനായി ഘട്ടം, ഘട്ടമായി കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതികൾ പൂർണ്ണമായി കാര്യക്ഷമമാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറികഴിഞ്ഞാൽ പിന്നീട് ഇവയുടെ നടത്തിപ്പും, പരിപാലനവും പ്രസ്തുത ഗ്രൂപ്പുകളാണ് ഏറ്റെടുക്കേണ്ടത്. ഇതിലൂടെ പഞ്ചായത്തിന് കുടിവെള്ള പദ്ധതി നടത്തിപ്പിലൂടെയുണ്ടാകുന്ന ഭീമമായ ചെലവിനം ഒഴിവാക്കുവാൻ സാധ്യമാകുമെന്നതിനാൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 3-2 വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | SO147/17 |
| | |

| | |
|---|---|
| പേര് | വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ |
| അടങ്കൽ | 50,000/- |
| ചെലവ് (തനത് ഫണ്ട്) | 50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മാസ്റ്റർ |

പഞ്ചായത്തിന്റെ പരിധിയിലുള്ള 10 എൽ.പി. സ്കൂളിലെ പഠന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലാവാരം മെച്ചപ്പെടുത്തുവാനായി പഞ്ചായത്ത് എജ്യുക്കേഷൻ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം രൂപീകരിച്ച സമിതിയുടെ ശുപാർശ പ്രകാരം വർക്ക് ഷീറ്റുകൾ പ്രിന്റ് ചെയ്ത് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി വർക്ക് ഷീറ്റ് പ്രിന്റിംഗ്, വാർഷിക പ്രിന്റിംഗ് എന്നിവ റേറ്റ് കോൺട്രാക്റ്റ് നൽകിയ ജനത ഓഫ് സെറ്റ് പ്രിന്റേഴ്സിന് തുക അനുവദിക്കുന്നതിന് പഞ്ചായത്തിന്റെ 27.9.16-ലെ 15-ാം നമ്പർ തീരുമാനവും ലഭിച്ചിട്ടുണ്ട്. 10 എൽ.പി. സ്കൂളിലെ വിദ്യാർത്ഥികൾക്ക് 'ചിറകുകൾ' എന്ന പേരിൽ വർക്ക് ഷീറ്റുകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. ജനത ഓഫ് സെറ്റ് പ്രിന്റേഴ്സ്, മുളയൻകാവ് റോഡ്, കൊപ്പം എന്ന സ്ഥാപനം ലഭ്യമാക്കിയ വർക്ക് ഷീറ്റുകളുടെ വിശദവിവരങ്ങൾ :

| | |
|---|---|
| ബിൽ നം.1/16-17/25/10/16 | 15,135/- |
| ബിൽ നം.2/16-17/25/10/16 | 14,100/- |
| ബിൽ നം.3/16-17/25/10/16 | 11,380/- |
| ബിൽ നം.4/16-17/18/12/16 | 13,080/- |
| ബിൽ നം.5/16-17/18/12/16 | 3,000/- (സർട്ടിഫിക്കറ്റ്) |
| **ആകെ** | **56,695/-** |

മേൽ തുക 50,000/- രൂപയിൽ പരിമിതപ്പെടുത്തി 31.3.17ന് ചെക്ക് നം.15186 പ്രകാരം ജനത ഓഫ് സെറ്റ് പ്രിന്റേഴ്സിന് അനുവദിച്ചിട്ടുണ്ട്. മേൽ സൂചിത നടപടികൾ വിദ്യാർത്ഥികളുടെ പഠനനിലവാരം

മെച്ചപ്പെടുത്തുന്നതിനായി ഉതകിയിട്ടുണ്ടെങ്കിലും 12ാം പദ്ധതി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്) 4/2016 തസ്വഭവ തീയതി 1.1.2016 പ്രകാരം ഇത്തരം പ്രവർത്തികൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് മുമ്പ് താഴെപറയുന്ന നിർദ്ദേശങ്ങൾ കൂടെ പാലിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് :

1.അദ്ധ്യാപക പരിശീലനങ്ങൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി, മറ്റ് പഠന സാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നുവരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുമ്പ് സർക്കാർ അനുമതി വാങ്ങിച്ചിരിക്കേണ്ടതാണ്.

2.വിദ്യാഭ്യാസ ഗുണനിലവാരം/പഠനനിലവാരം എന്നിവ ഉയർത്തുവാനായി അദ്ധ്യാപക പരിശീലനം ഉൾപ്പെടെ നിരവധി പരിപാടികൾ എസ്.എസ്.എ/ആർ.എം.എസ്.എ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പരിപാടികൾ ഏറ്റെടുക്കുവാൻ ഉദ്ദേശമുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി ഇവ എസ്.എസ്.എ/ആർ.എം.എസ്.എ പ്രോജക്റ്റിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ എസ്.എസ്.എ വിഹിതമായി 10,05,660/-രൂപ അനുവദിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള പരിപാടികൾ എസ്.എസ്.എ വഴി നിർവ്വഹിക്കപ്പെട്ടിട്ടില്ലായെന്നും, ആവർത്തനം ഒഴിവാക്കിയിട്ടുണ്ടെന്നും സ്ഥിതികരിച്ച രേഖ സൂക്ഷിച്ചിട്ടില്ല.

ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുമ്പോൾ എസ്.എസ്.എ വഴി നിർവ്വഹിക്കപ്പെട്ടിട്ടില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഒരേ ലക്ഷ്യത്തിന് രണ്ട് തവണ തുക വകയിരുത്തുവാനുള്ള സാഹചര്യം ഒഴിവാക്കുവാനായി മേൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ പാലിച്ചതിനാസ്പദമായ രേഖകൾ സമയബന്ധിതമായി ഓഡിറ്റിന് ഹാജരാക്കി പരാമർശം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-3 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി

നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്കൾക്ക് മീററിംഗ് സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല.മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്കൾക്കുള്ള വൈദ്യുതി ചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തില്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, കത്തുന്ന സമയം എന്നിവ ആധാരമാക്കി നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. 2010-11 സാമ്പത്തിക വർഷത്തിലാണ് പഞ്ചായത്ത് അധികൃതർ കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധനയിലൂടെ തെരുവ് വിളക്കുകളുടെ എണ്ണവും തരവും നിശ്ചയിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നം. | തരം | എണ്ണം | നിരക്ക് (പ്രതിമാസം) | തുക (വർഷത്തിൽ) |
|---|---|---|---|---|
| 1 | സോഡിയം വേപ്പർ ലാമ്പ് | 47 | 414 | 2,33,496 |
| 2 | സി.എഫ്.എൽ(സിംഗിൾ) | 9 | 7 | 756 |
| 3 | സി.എഫ്.എൽ(ഡബിൾ) | 638 | 14 | 107184 |
| 4 | എൽ.ഇ.ഡി | 3 | 12 | 432 |
| 5 | ഫ്ളൂറ (ട്യൂബ്) | 210 | 124 | 312480 |
| 6 | ഹൈമാസ്റ്റ് *<br>(കൺസ്യൂമർ നം.33030) | | | 19525 |
| | **ആകെ** | | | **6,73,873** |

*കൊപ്പം ടൗണിൽ സ്ഥാപിച്ചിട്ടുള്ള ഹൈമാസ്റ്റ് ലൈറ്റിൽ രണ്ട് മാസത്തിലൊരിക്കൽ 33030 കൺസ്യൂമർ നമ്പറിൽ വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നുണ്ട്. പ്രസ്തുത ഇനത്തിൽ ഓഡിറ്റ് കാലയളവിൽ 19,525/- രൂപ പഞ്ചായത്ത് അടച്ചിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ തെരുവ് വിളക്കുകൾക്കായി അടയ്ക്കേണ്ടി വരുന്ന വൈദ്യുതി ചാർജ്ജിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| കൺസ്യൂമർ നമ്പർ 29603 | 5,758/- |
| കൺസ്യൂമർ നമ്പർ 30442 | 14,966/- |
| **ആകെ** | **20,724/-** |

തെരുവ് വിളക്കുകൾക്കായി അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ വിശദവിവരങ്ങൾ അടങ്ങുന്ന മേൽ പട്ടികയിൽ നിന്നും സോഡിയം വേപ്പർ ലാമ്പിനാണ് കൂടുതൽ ചെലവ് വരുന്നതെന്ന് മനസ്സിലാക്കാവുന്നതാണ് (പ്രതി വർഷം.2,33,496/-). ആയതിന് പകരം താരതമ്യേന വൈദ്യുതി

ഉപഭോഗം കുറഞ്ഞതും, ഈട് നിൽക്കുന്നതുമായ വിളക്കുകൾ ഉപയോഗിക്കുകയാണെങ്കിൽ അടയ്ക്കപ്പെടുന്ന വൈദ്യുതി ചാർജ്ജിൽ നല്ലൊരു ശതമാനം കുറവ് കൈവരിക്കുവാൻ സാധിക്കുമെന്ന് മനസ്സിലാക്കാവുന്നതാണ്. ആയതിനാൽ നിർദ്ദേശം പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മീറ്ററിംഗ് സംവിധാനത്തിന്റെ അഭാവത്തിൽ വൈദ്യുതിചാർജ്ജ് അടവാക്കുകയാണെങ്കിൽ ആകസ്മിക കാരണങ്ങളാൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നത് ഒഴിവാക്കുവാനും അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യതയും/ സുതാര്യതയും കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ KSEB-യുമായി സംയുക്ത പരിശോധനയിലൂടെ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം/ തരം/നിരക്ക് എന്നിവ നിർണ്ണയിച്ച് ഓരോ മീറ്റർ പേയിന്റിനും ഒരു കൺസ്യൂമർ നമ്പർ വീതം അനുവദിക്കുവാനുള്ള നടപടികളും കൂടി സ്വീകരിച്ചാൽ പഞ്ചായത്ത് അടവാക്കുന്ന വൈദ്യുതി ചാർജ്ജിൽ ഗണ്യമായ കുറവ് കൈവരിക്കുവാൻ സാധിക്കും. ആയതിനാൽ മേൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 3-4 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | SOO20/2017 |
| പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 2,00,000/- |
| ചെലവ് | 2,00,000/- മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ബിൽ നം./ തീയ്യതി | 2/16-17/30/11/16 |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ജി.എച്ച്.ഡി |

മേൽ പറയുന്ന പ്രോജക്റ്റ് പ്രകാരം കൊപ്പം ഗ്രാമ പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുവാനായി ആലപ്പുഴയിലെ ഹോംകോയിലേക്ക് 9.12.16ലെ ഡി.ഡി.നം.863811 പ്രകാരം 2,00,000/- രൂപ നിർവ്വഹണോദ്യോഗസ്ഥ നൽകിയിട്ടുണ്ട്. മുൻകൂർ അനുവദിച്ച 2,00,000/-രൂപയിൽ ഇൻവോയിസ് നം.എൽ.എഫ്.1449 പ്രകാരം 30.3.17ന് 1,16,150/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ഹോംകോ., ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി തുകയായ

83,850/- രൂപയ്ക്കുള്ള മരുന്നുകൾ നാളിതു വരെ ഡിസ്പ്പെൻസറിയിലേക്ക് ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടതിന് ഹോംകോയിലെ സ്റ്റാഫ് ഷോർട്ടേജാണ് കാരണമെന്നാണ് പ്രസ്തുത സ്ഥാപനം അറിയിച്ചിരിക്കുന്നതെന്ന് മെഡിക്കൽ ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുവാനുള്ള അനന്തര നടപടികൾ പൂർത്തീകരിച്ച് യഥാവിധ രേഖപ്പെടുത്തലുകളോട് കൂടിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-5 സാന്ത്വന പരിചരണ പ്രവർത്തികൾക്കുള്ള ചെലവിനങ്ങൾക്ക് വൗച്ചർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. വാടകയ്ക്കെടുത്ത വാഹനത്തിനുള്ള ട്രിപ്പ് ഷീറ്റും സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | SOO11/17 |
| പേര് | പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതി |
| അടങ്കൽ | 7,50,000/- വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | 7,50,000/- |
| ബിൽ നം/ തീയതി | 13/16-17/31.03.17 |

സാന്ത്വന പരിചരണത്തിനുള്ള പ്രവർത്തികൾക്കുള്ള ചെലവിനങ്ങൾക്ക് ഒന്നിനും വൗച്ചർ നമ്പർ രേഖപ്പെടുത്തി സൂക്ഷിച്ചട്ടില്ല. തിയതീ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സാന്ത്വന പരിചരണത്തിനുള്ള പ്രവർത്തികൾക്കായി വാഹനം വാടകയ്ക്കെടുക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ 29.10.15-ലെ ജി.ഒ(ആർ.ടി) 3217/2015-ലെ ഖണ്ഡിക 3 പ്രകാരം നിഷ്ക്കർഷിക്കപ്പെട്ടിട്ടുളള വ്യവസ്ഥകൾ പാലിച്ച് കാണുന്നില്ല. രോഗികളെ സന്ദർശിക്കുവാനായി വാഹനം വാടകയ്ക്കെടുത്തത് ക്വട്ടേഷൻ പ്രകാരമാണെന്ന് സ്ഥിരീകരിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ വാടകയ്ക്കെടുത്ത വാഹനം സഞ്ചരിച്ചതിന്റെ ദൂരം സ്ഥിരീകരിക്കുന്ന ആധികാരിക ട്രിപ്പ് ഷീറ്റും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനുള്ള വിശദീകരണം 21.8.17ലെ അന്വേഷണ നം.8 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മറുപടിയിൽ ഭാവിയിൽ ചെലവിനങ്ങൾക്കുള്ള വൗച്ചർ നമ്പറുകൾ കൃത്യമായി രേഖപ്പെടുത്താമെന്നും, വാടകയ്ക്കെടുത്ത വാഹനത്തിനുള്ള ക്വട്ടേഷന്റെ കോപ്പികൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ഡ്രൈവറിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമാക്കിയ ഉപകരണങ്ങൾ - സംബന്ധിച്ച്.

| | |
|---|---|
| പ്രോജക്റ്റ് നം | SOO11/17 |
| പേര് | പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതി |
| അടങ്കൽ | 7,50,000/-(വികസന ഫണ്ട്-പൊതു വിഭാഗം) |
| ചെലവ് | 76,218/- |
| ബിൽ നം. / തീയ്യതി | 13/16-17/31/3/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

മേൽ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി രോഗികൾക്ക് ഉപയോഗിക്കുവാനായി 10 കമ്മോഡ് ചെയറുകൾ വാങ്ങുവാനായി 19.4.17 ലെ ഡി.ഡി.നം.865799 പ്രകാരം 15871/- രൂപ മെഡിക്കൽ ഓഫീസർ KMSCL-ന് നൽകിയിട്ടുണ്ട്. 12995/-രൂപ വിലയുള്ള 10 കമ്മോഡ് ചെയറുകൾ കാരുണ്യ മെഡിസിൻ ഡിപ്പോ 18.7.17-ലെ ഇൻവോയ്സ് നം.1883 പ്രകാരം ലഭ്യമാക്കുകയും(സ്റ്റോക്ക് രജിസ്റ്റർ ഫോളിയോ നം. 157) ബാക്കി തുകയായ 2,876/- രൂപയ്ക്കുള്ള മരുന്നുകൾ കാരുണ്യ മെഡിക്കൽ സെൻറ്ററിൽ നിന്നും ലഭിക്കുവാനുണ്ടെന്നും ബന്ധപ്പെട്ട ഫയലിൽ രേഖപ്പെത്തിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസറുടെ KMSCL-ലേക്കുള്ള 14.3.17 ലെ പ്രൊഫർമ നം.3523 പ്രകാരം 2,820/-രൂപയ്ക്കുള്ള വാൽക്കിംഗ് സ്റ്റിക്ക് (ട്രിപോഡ് അഡ്ജസ്റ്റ്, ഒ.ആർ.ഡി.) ആണ് ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിനുള്ള വിശദീകരണം 21.8.17-ലെ അന്വേഷണ നം.13 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മറുപടിയിൽ 2,876/- രൂപയ്ക്ക് ലഭ്യമാക്കുവാനുള്ളത് മേൽ സൂചിപ്പിച്ച പ്രൊഫർമ പ്രകാരമുള്ള വാക്കിംഗ് സ്റ്റിക്കാണെന്നും മറിച്ച് മരുന്നുകൾ അല്ലായെന്നുമാണ് വിശദീകരിച്ചിട്ടുള്ളത്. മേൽ സ്പെസിഫിക്കേഷൻസ് പ്രകാരമുള്ള വാക്കിംഗ് സ്റ്റിക്ക് നിലവിൽ കാരുണ്യയിൽ ലഭ്യമല്ലായെന്നും

ആയത് ലഭ്യമായയുടൻ വിതരണം ചെയുന്നതാണെന്നും കാരുണ്യ അറിയിച്ചിട്ടുള്ളതായി വിശദീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി യഥാവിധ രേഖപ്പെടുത്തലുകളോട് കൂടിയ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

## 3-7 പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതിക്ക് ഭാഗികമായി ലഭ്യമാക്കിയ മരുന്നുകൾ - സംബന്ധിച്ച്

| | |
|---|---|
| പ്രോജക്റ്റ് നം | SOO11/17 |
| പേര് | പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതി |
| അടങ്കൽ | 7,50,000/-(വികസന ഫണ്ട്) |
| ചെലവ് | 162162/- |
| ബിൽ നം. / തീയ്യതി | 10/16-17/26/3/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി മെഡിക്കൽ ഓഫീസർ മേൽ പദ്ധതി വിഹിതത്തിൽ ഉൾപ്പെട്ട 98,175/- രൂപ KMSCL-ലേക്ക് മരുന്നുകൾക്കായി നൽകിയതിൽ 18,666/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഡി.ഡി. നം./ തീയ്യതി | അനുവദിച്ച തുക | മരുന്നുകൾ ലഭ്യമാക്കിയത് (തുക) | ലഭ്യമാക്കുവാനുള്ളത് (തുക) |
|---|---|---|---|
| 865753/18/4/17 | 98,175/- | 79,509/- | 18,666/- |

മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിശദവിവരങ്ങൾ :

| ഇൻവോയ്സ് നം./ തീയ്യതി | തുക |
|---|---|
| 1100/16.06.17 | 21,369/- |
| 1887/18.07.17 | 58,140/- |
| **ആകെ** | **79,509/-** |

മേൽ സാഹചര്യത്തിനുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാനായി 21.8.17-ലെ അന്വേഷണ നം.9 മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള രേഖാമൂലമുള്ള മറുപടിയിൽ മെഡിക്കൽ ഓഫീസർ പ്രസ്തുത സ്ഥാപനവുമായി ഫോൺ മുഖാന്തിരം എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കുവാനായി

ആവശ്യപ്പെട്ടിട്ടുണ്ടെന്നും, മരുന്നുകൾ ലഭ്യമായതും ബില്ലുകളും/ വൗച്ചറുകളും ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ വിശദീകരണ പ്രകാരം നടപടികൾ പൂർത്തിയാക്കി യഥാവിധ രേഖപ്പെടുത്തലുകളോട് കൂടിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-8 എസ്.സി. വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ നൽകൽ- സ്കൂൾ മുഖേന നൽകണം എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രൊജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്.

1) പ്രൊജക്റ്റ് : പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ

പ്രൊജക്റ്റ് നമ്പർ : 93/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 2,81,295

ചെലവ് : 2,19,909

ബിൽ നമ്പർ : 17/16-17 dt 30.3.17
ഫണ്ടിനം : എസ്.സി.പി.

പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്ന പ്രൊജക്റ്റിന് ബിൽ നമ്പർ 11/16-17 dtd 30.3.17 പ്രകാരം 2,19,909/- രൂപ താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയതിന് കേരള ആർട്ടിസാൻ ഡവലപ്മെന്റ് കോർപ്പറേഷന് നൽകിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ - 322/17.3.17)

| ഇനം | യൂണിറ്റ് വില | എണ്ണം | തുക | ടാക്സ് | ആകെ തുക |
|---|---|---|---|---|---|
| സ്റ്റീൽ ടേബിൾ | 2794 | 55 | 153670 | 22282 | 175952 |
| സ്റ്റീൽ കസേര | 698 | 55 | 38390 | 5567 | 43957 |
| **ആകെ** | | | | | **2,19,909** |

2) പ്രൊജക്റ്റ് : പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ

പ്രൊജക്റ്റ് നമ്പർ : 94/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : 3,60,000

ചെലവ് : 2,90,330

ബിൽ നമ്പർ : 8/16-17 dt 27.3.17
ഫണ്ടിനം : എസ്.സി.പി.

ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകൽ എന്ന പ്രൊജക്ട് പ്രകാരം 75 സൈക്കിളുകൾ സഫാരി സൈക്കിൾ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം വാങ്ങിയിട്ടുണ്ട്. (ബിൽ നമ്പർ 8/16-17 dt 27.3.17)

| ഇനം | വില | എണ്ണം | ആകെ | ടാക്സ് | മൊത്തം |
|---|---|---|---|---|---|
| ഹീറോ നൈട്രോ ഇനഡഗ്ര | 3609.52 | 37 | 133552.24 | 6677.61 | 140229.85 |
| ഹീറോ വെൽവെറ്റ് | 3761.9 | 38 | 142952.2 | 7147.61 | 150099.81 |
| **ആകെ** | | | | | **290329.66** |

മേൽ പറഞ്ഞ 2 പ്രൊജക്ടുകളിലും വിദ്യാർത്ഥികളുടെ അക്വിറ്റൻസ് വാങ്ങിയിട്ടുണ്ടെങ്കിലും സ്കൂൾ അധികൃതർ സാക്ഷ്യപെടുത്തിയ ലിസ്റ്റ് പ്രകാരം സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്ന നിബന്ധന പാലിച്ചിട്ടില്ല.

പ്രൊജക്ടുകൾ നിർവ്വഹണം നടത്തുമ്പോൾ സബ്സിഡി മാർഗ്ഗരേഖ 4/16/ത.സ്വ.ഭ.വ തീ.11.01.16 പ്രകാരമുള്ള എല്ലാ നിർദ്ദേശങ്ങളും പാലിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-9 രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നം – 80

അടങ്കൽ – 3,00,000/-

ചെലവ് – 2,90,800/-

ഫണ്ടിനം – എസ്.സി.പി.

എസ്.സി. കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ എന്ന പ്രൊജക്റ്റിന് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2,90,800/- രൂപ താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നമ്പർ / തീയ്യതി | തുക |
|---|---|---|
| 1 | 7/16-17<br>തീ. 15.3.17 | 1,59,940 |
| 2 | 16/16-17<br>തീ. 30.3.17 | 1,30,860 |
| **ആകെ** | | **2,90,800** |

ആയത് പ്രകാരം 500 ലിറ്ററിന്റെ 200 വാട്ടർടാങ്കുകൾ ഇംപാക്റ്റ് എന്റർപ്രൈസസ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും (ബിൽ നമ്പർ 7/16-17 dt 15.3.17) വാങ്ങിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്നതിനുള്ള താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

a) വ്യക്തിഗത അപേക്ഷകൾ, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്

b) മുമ്പ് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം

പ്രസ്തുത രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (8/18.8.17) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,90,800 രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയതിന്റെ ചെലവ് രേഖ ഹാജരാക്കിയില്ല

പ്രൊജക്ട് : സമൃദ്ധി നെൽകൃഷി പ്രാരംഭ ചെലവുകൾക്ക് ധനസഹായം നൽകൽ

പ്രൊജക്ട് നമ്പർ : 81/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

അടങ്കൽ : 5,16,570/-

ചെലവ് : 5,16,570/-
ഫണ്ടിനം : ജനറൽ

സമൃദ്ധി നെൽകൃഷി പ്രാരംഭ ചെലവുകൾക്ക് ധനസഹായം എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് വിഹിതമായി 5,16,570/- രൂപ (ചെക്ക് നമ്പർ-1811864/29.3.17) കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (5/17.8.17)

മുഖേന ആവശ്യപെട്ടുവെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 5,16,570/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 സമഗ്ര നെൽകൃഷി വികസനം -ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് : സമഗ്ര നെൽകൃഷി വികസനം

പ്രൊജക്ട് നമ്പർ : 78/17

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

അടങ്കൽ : 6,64,470/-

ചെലവ് : 6,94,470/-

ബിൽ നമ്പർ : 2/16-17 dtd 10.3.17
ഫണ്ടിനം : ജനറൽ

സമഗ്ര നെൽകൃഷി വികസനം എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് 6,94,470 രൂപ ആയത് താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | നൽകിയത് | തുക | റിമാർക്സ് |
|---|---|---|---|
| 1 | കെ.എസ്.എസ്.ഡി.എ, അയ്യന്തോൾ | 4,50,000 | Cost of paddy seed |
| 2 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കൊപ്പം | 2,44,470 | Cost of organic manure & lime |
| **ആകെ** | | **6,94,470** | |

ആയതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (5/17.8.17) മുഖേന ആവശ്യപെട്ടുവെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 6,94,470/- രൂപ തടസ്സപെടുത്തുന്നു.

## 3-12 ഭവന നിർമ്മാണം - 2014-15 മുതൽ ഓഡിറ്റ് കാലയളവ് വരെ സ്പിൽ ഓവറായി തുടർന്ന് പ്രവൃത്തി നിലവിലും പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്റ്റ് നം : SO193/17

പേര് : ഭവന നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

2014-15 സാമ്പത്തിക വർഷം മുതൽ 2016-17 വരെ മേൽ പ്രോജക്റ്റ് പ്രകാരം ഭവന നിർമ്മാണത്തിനായി പരമാവധി അനുവദനീയമായ 2,00,000/- രൂപയിൽ ഭാഗികമായി വിഹിതം കൈപ്പറ്റിയ പല ഗുണഭോക്താക്കളും ഓഡിറ്റ് കാലയളവിലും പണി പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

A.

| ഗുണഭോക്താവിന്റെ പേര് | ഡി.ഡി.നം/ തിയതി | കൈപ്പറ്റിയ തുക | ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|
| പ്രഷീത, വടക്കേക്കര, മണ്ണേങ്ങോട്. | 883938/18.2.15 | 80,000/- | ഉത്തര നിരപ്പ് |
| ,, | ചെക്ക് നം.14547/31.7.15 | 60,000/- | ,, |
| ,, | ഡി.ഡി. നം. 180860/11.9.15 | 40,000/- | ,, |
| **ആകെ** | | **1,80,000/-** | |

B.

| ഗുണഭോക്താവിന്റെ പേര് | ഡി.ഡി.നം/ തിയതി | കൈപ്പറ്റിയ തുക | ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|
| ദാക്ഷായണി, w/o.രാമൻ, കൊട്ടിലിങ്ങൽ, ആമയൂർ | 876711/21.3.15 | 80,000/- | ലിന്റൽ |
| ,, | ചെക്ക് നം. 862197/31.3.16 | 30,000/- | ,, |

| | | | |
|---|---|---|---|
| ,, | ചെക്ക് നം. 15188/31.3.17 | 50,000/- | ,, |
| **ആകെ** | | **1,60,000/-** | |

ഭാഗികമായി തുക കൈപ്പറ്റി പണി പൂർത്തിയാക്കാത്ത മേൽ ഗുണഭോക്താക്കളെ നേരിട്ട് സന്ദർശിച്ച് പല തവണ പണി പൂർത്തിയാക്കാൻ നിർദ്ദേശിച്ചെങ്കിലും പൂർത്തിയാക്കാത്ത നിലയിലാണ് തുടരുന്നതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് വേളയിൽ വിശദീകരിച്ചിട്ടുള്ളത്. പണി സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കുവാനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**II.സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡം പാലിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്റ്റ് നം. | SOO49/17 |
| പേര് | വീട് പുനരുദ്ധാരണം |
| അടങ്കൽ | 1815000/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ് -1581454/-<br>തനത് ഫണ്ട് – 233546) |
| ബിൽ നം. തിയ്യതി | 8/16-17/31/3/17 |
| ചെലവ് | 3,30,000/- |
| ബിൽ നം. തിയ്യതി | 9/16-17/21/3/17 |
| ചെലവ് | 3,00,000/- |
| ബിൽ നം. തിയ്യതി | 10/16-17/29/3/17 |
| ചെലവ് | 3,82,500/- (ചെലവുകൾ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ് നടത്തിയിട്ടുള്ളത്) |
| ബിൽ നം. തിയ്യതി | 11/16-17/3/4/17 |
| ചെലവ് | 4,27,500/- |
| ആകെ ചെലവ് | 14,40,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

മേൽ പദ്ധതി നിർവ്വഹണത്തിൽ സബ്സിഡി മാർഗ്ഗരേഖയായ ജി.ഒ.(എം.എസ്)4/2016 തസ്വഭവ തീ.11.1.16 പ്രകാരമുള്ള താഴെ പറയുന്ന മാനദണ്ഡം പാലിച്ചിട്ടില്ല :

1.ഭാര്യയുടേയും ഭർത്താവിന്റേയും പേരിലുള്ള അക്കൗണ്ടിലേക്കായിരിക്കണം ആനുകൂല്യം അനുവദിക്കേണ്ടത്.

എന്നാൽ പ്രോജക്റ്റ് പ്രകാരമുള്ള ആനുകൂല്യം അപേക്ഷകന്റെ മാത്രം പേരിലുള്ള അക്കൗണ്ടിലേക്കാണ് അനുവദിച്ചിട്ടുള്ളത്.

സംയോജിത അക്കൗണ്ട് ആരംഭിക്കുന്നതിലുള്ള സാങ്കേതിക തടസ്സം മൂലമാണ് അപേക്ഷകന്റെ അക്കൗണ്ടിലേക്ക് തുക നൽകിയത് എന്നാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഓഡിറ്റ് വേളയിൽ വിശദീകരിച്ചിട്ടുള്ളത്. ഭാവിയിൽ മാർഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിന് അനുവദിച്ച വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം. | SO87/17 |
| പേര് | തെരുവുനായ്ക്കളുടെ വന്ധീകരണം – ജില്ലാ പഞ്ചായത്തിന് തുക നൽകൽ |
| അടങ്കൽ | 3,50,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 3,50,000/- |
| ബിൽ നം. / തീയ്യതി | Ppc no.1/16-17/27/3/17 |
| നിർവ്വഹണോദ്യോഗസ്ഥ | വെറ്ററിനറി സർജൻ |

തെരുവു നായ്ക്കളുടെ വന്ധീകരണത്തിനായുള്ള ജില്ലാ പഞ്ചായത്തിന്റെ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായ 350000/- രൂപ ജില്ലാ പഞ്ചായത്തിന്റെ സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈൻ മുഖേന ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (S.B.I.A/c no.30074914685) എന്നാൽ തുക വിനിയോഗിച്ചതിന്റേയും, പദ്ധതി പൂർത്തിയാക്കിതിന്റെയും രേഖകൾ ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല. ആയതിനുള്ള വിശദീകരണത്തിൽ പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്

തലത്തിൽ ചില സാങ്കേതിക പ്രശ്നങ്ങൾ മൂലം പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ആരംഭിച്ചിട്ടില്ലായെന്നും നിർവ്വഹണം പൂർണ്ണമാകുന്ന മുറയ്ക്ക് ആയതിന്റെ വിനിയോഗ രേഖ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി വിനിയോഗ രേഖ ഹാജരാക്കേണ്ടതാണ്. തുക സമയബന്ധിതമായി വിനിയോഗിച്ചിട്ടില്ലെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

## 3-14 ഐ.എ.വൈ. വിഹിതത്തിനുള്ള ധനവിനിയോഗ രേഖ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം | S0086/17 |
| പേര് | ഐ.എ.വൈ. അധിക വിഹിതം നൽകൽ |
| അടങ്കൽ | 1,20,000/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1,20,000/- |
| ബിൽ നം. / തിയതി | 17/16-17/2/3/17 |
| നിർവ്വഹണം | പഞ്ചായത്ത് സെക്രട്ടറി |

2016-17 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ വിഹിതം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ആർ.ടി.ജി.എസ്. മുഖേന പഞ്ചായത്ത് സെക്രട്ടറി ക്രെഡിറ്റ് ചെയ്തിട്ടുണ്ട് (വൗച്ചർ നം. 21600755 തീയതി. 3.3.17). വിഹിതം പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടെന്നും ധനവിനിയോഗ രേഖ സമർപ്പിക്കുന്നതാണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി ഓഡിറ്റ് വേളയിൽ വിശദീകരിക്കുകയുണ്ടായി. പദ്ധതി പൂർത്തിയാക്കി വിനിയോഗ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.

കൊപ്പം ഗ്രാമ പഞ്ചായത്തിൽ പോഷകാഹാരത്തിന്റെ ഭാഗമായി അങ്കണവാടികൾക്ക് ലഭ്യമാകുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ ഓഡിറ്റ് കാലയളവിൽ (23.6.2016-ന്) 1 തവണ മാത്രമെ ചെന്നൈയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ. ആയതിന് ലാബ് ലഭ്യമാക്കിയ റിപ്പോർട്ട് പോസിറ്റീവാണ്. സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-

312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫാസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി ത്രുപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലാബ് റിപ്പോർട്ട് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 അങ്കണവാടികളുടെ പ്രവർത്തനം- അവലോകനം

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അംഗണവാടികളുടെ എണ്ണം | 26 |
| 2 | ജീവനക്കാരുടെ എണ്ണം (വർക്കർ,ഹെൽപ്പർ) | 26,26 |
| 3 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 5 |
| 4 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിച്ച സെന്ററുകളുടെ എണ്ണം | 25 |
| 5 | ഗ്യാസ് കണക്ഷൻ ഇല്ലാത്തവയുടെ എണ്ണം | ഇല്ല |
| 6 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത സെന്ററുകളുടെ എണ്ണം | 1 |
| 7 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | ഇല്ല |
| 8 | ഫാൻ ഇല്ലാത്തവ | ഇല്ല |
| 9 | ബേബി ഫ്രണ്ടലി ടോയ് ലറ്റ് ഇല്ലാത്തവ | 26 |
| 10 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | ഇല്ല |
| 11 | ചുറ്റ് മതിൽ ഇല്ലാത്തവ | 15 |

| | | |
|---|---|---|
| 12 | അംഗണവാടികൾക്കായി വാടകയ്ക്കെടുത്ത കെട്ടിടങ്ങളുടെ എണ്ണം | 4 |
| 13 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അംഗണവാടികളുടെ എണ്ണം | 1 |
| 14 | ധാന്യ സംഭരണികൾ ഇല്ലാത്തവ | ഇല്ല |

സർക്കുലർ നം.31055/ഡി.സി.2/2011/ത.സ്വ.ഭ.വ തീ.22.3.11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് സർക്കാർ താഴെപറയും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1)പഞ്ചായത്തിന്റെ അധീനതയിലുള്ള അംഗണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.

2)വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, ബേബി ഫ്രണ്ട് ലി ടോയലറ്റ്, എന്നിവയുടെ കേടുപാടുകൾ തീർത്ത് ചുറ്റുമതിലിൽ പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

3).ഭൗതിക സൗകര്യങ്ങൾ ലഭ്യമായ സുരക്ഷിതത്വമുള്ള കെട്ടിടങ്ങൾ മാത്രമെ അംഗണവാടികൾക്കായി വാടകയ്ക്ക് എടുക്കുവാൻ പാടുള്ളൂ.
4) എല്ലാ വർഷവും മെയ് 10-നകം പഞ്ചായത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിച്ച് പരിശോധനയ്ക്ക് വിധേയമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

കൂടാതെ അങ്കണവാടികളിലെ ഭൗതിക സാഹചര്യം വിലയിരുത്തി തയാറാക്കിയ മേൽ സൂചിത പട്ടികയിൽ ചൂണ്ടികാണിച്ചിരിക്കുന്ന മറ്റ് പോരായ്മകൾ കൂടി ദൂരീകരിക്കുവാനുള്ള പരിഹാര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-17 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവർത്തി-മനുഷ്യദിനങ്ങൾ കുറവ്

2016-17 സാമ്പത്തിക വർഷത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലൂടെ നടപ്പാക്കിയ മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവർത്തികളിൽ ഏകദേശം 85% തുകയും മെറ്റീരിയൽ വിലയും നികുതിയുമാണ്. ഇത്തരം പ്രവർത്തികൾ ഏറ്റെടുക്കുന്നത് തൊഴിലുറപ്പ് പദ്ധതിക്ക് യോജിച്ചതല്ല. മെറ്റീരിയൽ പ്രവർത്തിയുടെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നം | റോഡ് പ്രവർത്തി | ചെലവ് | മെറ്റീരിയൽ വില | കൂലി |
|---|---|---|---|---|
| 1 | കൊപ്പം മുക്ക് റോഡ് കോൺക്രീറ്റിംഗ് | 188712/- | 162422/ | 26290/- |
| 2 | അമ്പലം റോഡ് കോൺക്രീറ്റിംഗ് | 190651/- | 164465/- | 26186/- |
| 3 | ദാറുൾഅഫ്ജൽഅംഗൺ വാടി കോൺക്രീറ്റിംഗ് | 191426/- | 164465/- | 26961/- |
| 4 | വീട്ടിക്കാട്-പാടം റോഡ് കോൺക്രീറ്റിംഗ് | 95342/- | 82249/- | 13093/- |
| 5 | അനയം കുന്ന്-വനജ കിണർപുനരുദ്ധാരണം | 18654/- | 12334/- | 6320/- |
| | **ആകെ** | **684785/-** | **585935/-** | **98850/-** |

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നിയമം 2005-ലെ പൊതു വ്യവസ്ഥകൾ പ്രകാരം വേതനഘടകം പ്രവൃത്തിയുടെ അടങ്കലിന്റെ 60 ശതമാനത്തിൽ കുറയുവാൻ പാടില്ല. എന്നാൽ ടി റോഡ്/ഇതര പ്രവർത്തികളിൽ വേതനഘടകം 15%വും സാധനഘടകം 85%വുംആണെന്ന് മേല്പ്പറഞ്ഞ കണക്കുകളിൽ നിന്നും വ്യക്തമാണ്. മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവർത്തിയിൽ വേതനഘടകം കൂടുതലുള്ളതും സ്ഥിരാസ്തികൾ സൃഷ്ടിക്കാവുന്നതുമായ പ്രവർത്തികൾ കണ്ടെത്തി

ഏറ്റെടുത്ത് നടത്തുവാൻ ഗ്രാമപഞ്ചായത്ത് തയ്യാറാകേണ്ടതാണ്. ആയതിൽമേൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000/- | ക്ഷീരകർഷകർക്ക് പാൽ സബ്സിഡി (89/16-17) | 100000/- | - |
| ജില്ലാപഞ്ചായത്ത് | 2016-17 | 516570/- | സമൃദ്ധി (81/16-17) | 516570/- | - |
| **ആകെ** | | **616570/-** | | **616570** | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

**(i) വായ്പ തിരിച്ചടവിന്റെ വിവരം.**

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | EMS_ Housing Loan | GO(p)No.532/10 Dt.18.2.10 | | 485692 | 100000 | - | 385692 |
| | **ആകെ** | | | **485692** | **100000** | **-** | **385692** |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1086268 |
| തൻവർഷം നിക്ഷേപിച്ച തുക – പലിശ | 90120 |
| ആകെ | 1176388 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1176388 |

(2016-17)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| സ്ഥിരനിക്ഷേപം സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, കൊപ്പം | 1176386 | 40374201500011 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ലഭ്യമായിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47327302/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40211916/- |
| വരവിനങ്ങളിലുള്ള നഷ്ടം | 2960/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1501840/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| **ഖണ്ഡിക നം.** | **നഷ്ടമായ തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 2-1 | 960/- | എം.വിജയലക്ഷ്മി (സെക്രട്ടറി) |
| 2-7 | 2000/- | എം.വിജയലക്ഷ്മി (സെക്രട്ടറി) |
| **ആകെ** | **2960/-** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| **ഖണ്ഡിക നമ്പർ** | **തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 3-9 | 290800/- | ശ്രീ.പി. മനോജ്, അസി. സെക്രട്ടറി |
| 3-10 | 516570/- | ശ്രീമതി.വി.പി.സിന്ധു, കൃഷിഓഫീസർ |
| 3-11 | 694470/- | ശ്രീമതി.വി.പി.സിന്ധു, കൃഷിഓഫീസർ |
| **ആകെ** | **1501840/-** | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഒന്നുമില്ല.

**ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഒന്നുമില്ല.

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.വിജയലക്ഷ്മി (സെക്രട്ടറി) | വിരമിച്ചു. | നന്ദനം വാടാനാംകുറിശ്ശി(പി.ഒ) പട്ടാമ്പി (വഴി), പാലക്കാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP3/93/06.01.94 | പുനരഭിപ്രായക്കുറിപ്പ് |
| 1997-98 | LFP13/355/A/00/31.12.05 | -do- |
| 1998-99 | LFP8-507/01/04/05.07.04.01.02 | -do- |
| 1999-00 | LFP8-563/04/05.07.04 | -do- |
| 2000-01 | LFP13-593/06/13.09.06 | -do- |
| 2001-02 | LFP13-779/06/17-10-06 | -do- |
| 2002-03 | LFP13-1137/10/05.10.10 | -do- |
| 2003-04 | LFP13-1138/10/15-09-10 | -do- |
| 2004-05 | LFP13-1139/10/15-09-10 | -do- |
| 2005-06 | LFP13-1140/10/15-09-10 | -do- |
| 2006-07 | LFP13-1141/10/27-09-10 | -do- |
| 2007-08 | LFP13/859/10/25-06-12 | -do- |
| 2008-09 | LFP-13/860/12/25-06-12 | -do- |
| 2009-10 | LFP-13/167/14/14-03-14 | -do- |
| 2010-11 | LFP-13/167/14/14-03-14 | -do- |
| | | |

| | | |
|---|---|---|
| 2011-12 | LFP-13/410/14/31.03/14 | -do- |
| 2012-13 | LFP-13/2413/2014/ 05-01-2015 | -do- |
| 2013-14 & 2014-15 | നം. കെ.എസ്.എ-പികെഡി-13/1178/16/27.7.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA-PKD-13/25/2017 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**



## അനുബന്ധം 1

നം.കെ.എസ്.എ- പി.കെ.ഡി.13-1755/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി -20/10/2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊപ്പം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

## അപാകതകളുടെ സംക്ഷിപ്തം

ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

No. KSA-PKD13-1755/2017

Kerala State Audit Department

District Audit Office, Palakkad

Dated: 20-10-2017

## Audit Certificate

Certified that I have audited the Annual Financial Statement of Koppam Grama Panchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Koppam Grama Panchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

**Deputy Director**

Abstract of Defects

1) Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

**Deputy Director**